പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1330 11.02.2016 -ൽ മറുപടിക്ക്

## ചെമ്പ് വാലേൽപ്പാലം പൂർത്തീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ചെമ്പ് വാലേൽപ്പാലം പൂർത്തിയാക്കുന്നത് സംബന്ധിച്ച് തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) ചെമ്പ് വാലേൽപ്പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ല. |
| (ബി) ചെമ്പ് വാലേൽപ്പാലം പൂർത്തിയാക്കുന്നതിനായി ഏറ്റെടുക്കേണ്ട ഭൂമി സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) ഇല്ല. ഏറ്റെടുക്കേണ്ട ഭൂമിയുടെ അലൈൻമെന്റ് സ്കെച്ച് 29.11.2012 ൽ തഹസീൽദാർ (എൽ.എ), പാലായ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയിൽ നിലം ഉൾപ്പെട്ടിട്ടുള്ളതിനാൽ 15.12.2013 ന് വൈക്കം പ്രാദേശിക നിരീക്ഷണ സമിതിയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച മറുപടി ലഭ്യമായിട്ടില്ല. |
| (സി) മുറിഞ്ഞപുഴ-കുന്നേപ്പറമ്പ് റോഡിലെ വാലേൽപ്പാലം പൂർത്തിയാക്കുന്നതിനായി എത്ര കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നതെന്നും ഇത് എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (സി) പ്രസ്തുത പാലം നിർമ്മാണത്തിനായി ലഭിച്ച 2070 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ന്യൂനതകൾ പരിഹരിച്ച് പുനർ സമർപ്പിക്കുന്നതിനായി നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് മടക്കി നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ